പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3766 19.02.2013-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. സ്റ്റേഡിയത്തിന്റെ അവശേഷിക്കുന്ന പണികൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന നടത്തിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് കായിക താരങ്ങൾക്കായി അവിടെ ഒരുക്കിയിട്ടുളളത് ; | (ബി) | ഇൻഡോർ സ്റ്റേഡിയം, ഫുട്ബോൾ കോർട്ട്, 400 മീറ്റർ റണ്ണിംഗ് ട്രാക്ക്, വോളീബോൾ, ബാസ്ക്കറ്റ്ബോൾ കോർട്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുളള ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ SMILE പദ്ധതിയിൽപ്പെടുത്തി സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റ്, സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിനുളള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) | ഇവിടെ ഹോസ്റ്റൽ ആരംഭിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ, വിശദമാക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പണികളും, അടുക്കള സൗകര്യങ്ങളും ഒരുക്കുന്ന മുറയ്ക്ക് തിരുവനന്തപുരം ജില്ലയിലുളള എല്ലാ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും ഇവിടേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് ഇത് ഒരു പ്രധാന കായിക പരിശീലനകേന്ദ്രമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ